പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 99          18/03/2013 ൽ മറുപടിക്ക്

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം കൂടി നീട്ടാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി. എസ്.സി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) 31.03.2013വരെ കാലാവധി ദീർഘിപ്പിച്ചിരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും, 29.06.2013 തീയതിയിലോ അതിനുമുൻപോ കാലാവധി അവസാനിക്കുന്നതുമായ റാങ്ക് ലിസ്റ്റുകളുടെ കാലാവധി (പരമാവധി 4 1/2 വർഷം) 30.06.2013 വരെ പബ്ളിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ചു. |
| (ബി) എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് ഇതുപ്രകാരം നീട്ടാൻ ഉദ്ദേശിക്കുന്നത് ; | (ബി) ഇത്തരത്തിലുള്ള 702 റാങ്ക് ലിസ്റ്റുകളുടെ കാലാവധി 30.06.2013 വരെ ദീർഘിപ്പിച്ചു. |
| (സി) എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) കാലാവധി ദീർഘിപ്പിച്ചിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽനിന്നും പ്രസ്തുത കാലാവധി തീരുന്നതുവരെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ ലഭിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ